Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

# "Sanghadana" Fundamentalism suffocates KSEB

It is neither good governance nor bad governance that is going on in KSEB, but it is un governance! Governance is about people and only a good governed lot will be morally bound to run the machinery well oiled. Most of the governing function in KSEB is entrusted with the office of the Chief Engineer (HRM), a department which is directly under the control of Chairman. But that office is seen virtually hijacked by a parallel administration illegally.

This is the fourth Chief Engineer in the office of this crucial function since the change in State administration during 2006. But the present one is seen to be the first one who cares (or dares) to glance over the papers (mostly transfer orders) brought before him and ask questions before affixing his signature. The result is that the virtual head of that office (Sr.Superintendent?) decided to keep all pending transfer orders in abeyance until alternate arrangements are made! So there is a temporary halt in the regular week- end release of transfer orders in an unofficial web site followed by the formal release of hard copies from the office of HRM in the next Monday or Tuesday. Usually such orders appear in the official website of KSEB, very often, after the "interested parties" got relieved and assumed charge in transferred posts. The grapevine is that the former head, before coming to office every Monday, make it certain to visit the unofficial website to gather an understanding about the transfer orders that she has to officially release in the week ahead!

The passive spectators including the highest level functional heads (leave alone the Chairman as he seemed to be not at all interested in the silly affairs of HRM) are stunned by the nakedness of the latest General transfer orders by her due to the extremely high level of transparent high handedness. Many clever ones, who are successfully managing to stay in and around their place of choice for more than ten years or so, through a well accepted methodology of "switching loyalty" are unsurprisingly found omitted from the 'Transfer out' list!. Many who satisfied the annual eligibility criteria set unilaterally are not given their place of choice due to the filling up the same by the ones who are included in the 'Transfer Out' list for taming purpose. Those eligible, who are purposely omitted from eligible list, are not being considered yet forgoing several representations! When appealed against these waywardness, the appellant authorities accepted the facts and assured justice. We do believe that they did act and

**KSEB Engineers Association**
**Office Bearers - 2009 - 2010**

**ASSOCIATION**

**President**
Er. G.S. AJIKUMAR

**Vice-President**
Er. K.R. RAJAN

**General Secretary**
Er. GEORGE MATHEW

**Treasurer**
Er. A. RAJENDRAN

**Organising Secretaries**
Er. D.S. RAJESH (S)
Er. T.B. JAGATHY (N)

**Secretaries**
Er. V. RANJIT KUMAR (HQ)
Er. EDWIN CALLISTUS (S)
Er. N.T. JOB (N)

**BENEVOLENT FUND**

**Chairperson**
Er. R. GAYATHRI NAIR

**Secretary**
Er.K. AJITH KUMAR

**Treasurer**
Er. G. SHAJ KUMAR

**Joint Secretaries**
Er. P.JAYAKRISHNAN
Er. K.P. PRADEEP

**EDITORIAL BOARD**

**Chief Editor**
Er. E. MOHAMMED SHEREEF

**Associate Editor**
Er. K. SUNIL
Er. NIRMALA KURIEN

**Ex. Officio Members**
Er. GEORGE MATHEW
Er. D.S. RAJESH
Er. V. RANJIT KUMAR

gave necessary directions. However, quite bashful enough, their directions are seen bluntly kept aside and what is translated into orders are the sporadic dialects and diktats delivered in public places like canteen by the lower rung handlers of Officers Association. We regret to state openly that such shameful and sorry states of affairs are repeatedly happening in KSEB whenever the LDF comes in Power. Ironically majority of these lower rung handlers are fillers of another politically affiliated Association of the previous rule. But that Government never allowed such outfits to lay their hand excessively in Board Administration.

What is propounded by the present Government -sponsored Association can only be termed as 'Sanghadana fundamentalism' characterized by it's fascist tendencies. The message is loud and clear that the non-members would not be allowed to survive! Quite openly, people are coerced and warned of dire consequences, if anybody offer to take the charge of a non-member officer for relieving him. In KSEB, the progress depends on team work. This fundamentalist out fit is least bothered about the adverse consequences of the inducement of hatred in the working environment of the organization. Think of a situation in which, other Associations are also promoting the same doctrine of hatred among employees and compel their members to deal only with co-members. These elements are seemed to be under the illusion that the Sun remains in East for ever without setting!

The authorities should not behave as a mute spectators of this gimmick and drama by assuming a laissez-faire role. Delegating of authority should not be seen as a easy way to off-load responsibilities. HRM is a key function that decides the successful performance of any

# യൂ ററൂ ബ്രൂട്ടസ്

ഗുരുജി

ഗുരുജിക്ക് ഈയിടെയായി ഒരു തലചുററൽ. ഒന്നിനും ഒരു വ്യക്തതയും വരുന്നില്ല, ജൂൺ മാസം അവസാന വാരം മലയാളം വാരിക വായിച്ചതോർമ്മയുണ്ട്, അതിനുശേഷമാണെന്ന് തോന്നുന്നു ഈ അസുഖം തുടങ്ങിയത്. ആ ലക്കത്തിലെ സമകാലികം പേജിൽ അഴിമതിയുംരാഷ്ട്രീയ വ്യതിയാനനവും എന്ന തലക്കെട്ടിൽ എഴുതിയ കെ.ആർ. ഉണ്ണിത്താൻ ശരിക്കും നമ്മുടെ ഉണ്ണിത്താൻ സാർ തന്നെയാണോ? തൊണ്ണൂറുകളിൽ വ്യക്തിപരമായ അസന്തുലിതാവസ്ഥയിൽ നിന്നും സംജാതമായ ഇഞ്ചിനിയർ വിരോധത്താൽ പ്രേരിതനായി സ്വന്തം സംഘം രൂപീകരിച്ച് എഞ്ചിനിയർഹത്യ തുടങ്ങിവയ്ക്കുകയും താമസിയാതെ അവിചാരിതമായി വിപ്ലവഭരണം പോയപ്പോൾ 96 വരെ പത്തിതാഴ്ത്തിയിരുന്ന് വീണ്ടും 96 ൽ ഭരണം കിട്ടിയപ്പോൾ ഇല.ബോർഡിന്റെ സർവ്വശക്തനായ അധികാരിയായി സ്വയം അവരോ ധിതനായി പൂർവ്വാധികം ശക്തിയോടെ ഹത്യ തുടരുകയും ചെയ്ത അതേ ഉണ്ണിത്താൻസാറു തന്നെയാണോ ഈദേഹവും?ശിവ!,ശിവ! വിശ്വസിക്കുവാനാകുന്നില്ല. എന്തായിരുന്നു അന്നൊക്കെ പുള്ളിക്കാരന്റെ ഒരു പിണറായി ഭക്തി. അന്നൊരു എ.എക്സ്.ഇ. മാത്രമായിരുന്ന അദ്ദേഹത്തിന്റെ കുളമ്പടി ശബ്ദം (അന്ന് കുതിരലായം അടിച്ച ഷൂസായിരുന്നു ഉപയോഗിച്ചിരുത്) 7 ാം നിലയെ നിരന്തരം പ്രകമ്പനം കൊള്ളിച്ചിരുന്നു. തന്റെ ബിനാമിയായി ഏഴെട്ടു പാവങ്ങളെ

**കുറ്റവാളി എന്നു സംശയിക്കുന്ന പിണറായിയുടെ ഹിതാനുവർത്തിയായി പ്രവർത്തിക്കുന്ന സി.പി.എം. സെക്രട്ടറിയേറ്റ്, പാർട്ടിത്തീരുമാനമനുസരിച്ച് നിയമനം നടത്തിയിട്ടുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായം ആരായാൻ തീരുമാനമെടുക്കുന്നു. ഭൂരിപക്ഷം വരുന്ന സി.പി.എം. മന്ത്രിമാർക്ക് ഇതു നടപ്പാക്കാൻ നിർദ്ദേശം നല്കുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ഏതുതരത്തിലാകുമെന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് ഊഹിക്കാമായിരുന്നു. തുടർന്നുണ്ടായ കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നില്ല .. (ലേഖനത്തിലേത്)**

---

organization. Most of the representations that we made to the Chairman against such unhealthy practices of HRM, including issues related to transfer of Engineers who return after completing training programmes paid by Board from the domain area in which training is given to them remain un responded. There is no point in continuing as Chairman if he is unable to exercise his control in an area which is directly under his control. It is a pity that even after completing mid-term, he is not yet appraised of the ground realities existing in the organization. The height of this harsh reality comes to light when one find a situation wherein one of the most crowded section offices in urban area having a very poor record of CAIDI (Consumer Average Interruption Duration Index) is not having a torch, he is seen advised to set up an Air conditioned Gymnasium in Vaidyuthi Bhavanam at a cost of Rs.10.00lakh! !!

മറികടന്ന് മെമ്പറും പിന്നെ സ്ഥാപന ത്തിന്റെ സി.എമ്മുമായി നിയമിച്ചദേഹം ഉണ്ണിത്താൻസാർ മുറിയിൽ കയറി വരുമ്പോൾ എഴുന്നേററ് നമസ്ക്കരിച്ച് ഉപവിഷ്ഠനാക്കിയതിനുശേഷമേ സ്വന്തംകസേരയിൽ ഇരിക്കുമായിരുന്നുള്ളൂ. അന്നത്തെ വാർത്താമാസികയിൽ ഉടനീളം ഇദ്ദേഹത്തിന്റെ നാനാതരത്തിലുള്ള ലേഖനങ്ങളുടെ പരമ്പരതന്നെയായിരുന്നു. പക്ഷെ അന്നൊന്നും തന്നെ ഇപ്പോഴത്തെ ലേഖനത്തിൽ പരാമർശി ക്കുന്നബാലാനന്ദൻസാറിന്റെ ശുപാർശകളടങ്ങുന്ന റിപ്പോർട്ടിനെപ്പറ്റി ഒന്നും തന്നെ എഴുതിക്കണ്ടില്ല. ഒരു പക്ഷെ വിദ്യുഛക്തി ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെ സംഘടനാ പ്രതിനിധികൾ ആ സമിതിയിൽ അംഗങ്ങ ളായിരുന്നതുകൊണ്ടാകാം അന്നങ്ങനെ ചെയ്യാത്തത്. കാരണം സാങ്കേതിക വിദഗ്ദ്ധർ എന്നൊ ക്കെബോർഡ് ജീവന ക്കാരെ കാറ്റഗറൈസ് ചെയ്യുന്നതു കണ്ടാൽ പുള്ളിഅന്നൊക്കെ ചുവപ്പു കണ്ട പോരു കാളയെപ്പോലാകുമായി രുന്നു.

> കേരളത്തിലാവട്ടെ വ്യവസായികൾ, വിദേശ ഇന്ത്യക്കാർ, വൻകിട വ്യാപാരികൾ, വൈദ്യുതി കൂടുതൽ ആവശ്യമുള്ള പൊതുമേഖലാ വ്യവസായികൾ, കോഓപ്പറേറ്റീവ് ബാങ്കുകൾ, വൻകിട ദേവസ്വങ്ങൾ തുടങ്ങിയ വ്യക്തികളിലും സ്ഥാപനങ്ങളിലും ധാരാളം പണമുണ്ട്.
>
> **ആയിരം കോടി രൂപയുടെ ഓഹരി മൂലധനമുള്ള കേരള പവർ ഡവലപ്മെന്റ് ആന്റ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കണം. ഇതിന്റെ 51ശതമാനം ഓഹരി സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും 49ശതമാനം ഓഹരി വിവിധ സ്വകാര്യ നിക്ഷേപകർക്കും നൽകണമെന്നും സമിതി നിർദ്ദേശിച്ചു.**
>
> **വളരെ ബൃഹത്തായ വീക്ഷണത്തോടെ ഇത്തരം ഒരു സ്ഥാപനം ഉണ്ടാക്കേണ്ട സ്ഥാനത്ത് തുടക്കത്തിൽ സൂചിപ്പിച്ച ഉദ്ദേശ്യലക്ഷ്യങ്ങുമായി തട്ടിച്ചു നോക്കുമ്പോൾ ഒന്നും ചെയ്യാൻ കഴിയാത്ത ഒരു ചെറിയ സ്ഥാപനം കേരള പവർഫിനാൻസ് കോർപ്പറേഷൻ എന്ന പേരിൽ രൂപീകരിക്കുകയു ണ്ടായി.** ..(ലേഖനത്തിലേത്)

അക്കാലത്ത് ബോർഡിലെ കച്ചവട സംബന്ധമായ കാര്യ ങ്ങളെല്ലാംകൈകാര്യം ചെയ്തിരുന്ന ചീഫ് ഇഞ്ചിനിയർ(ഐ.പി.പി.) എന്ന വിഭാഗത്തിൽ സ്വയം കച്ചവട വിക സന ഇഞ്ചിനിയർ എന്ന നാമധേയം സ്വീകരിച്ച് എല്ലാ ഇടപാടുകളുടെയും ചുക്കാൻപിടിച്ചിരുന്നത് ഇദ്ദേഹം തന്നെ യായിരുന്നില്ലേ? ഇന്ന് ചീഫ്ഇഞ്ചിനിയർ കോർപ്പറേറ്റ് പ്ലാനിംഗിൽ ഇടപാടുകൾ നടക്കുന്ന അതേപാറ്റൺ. എന്നിട്ടുംവെറുമൊരു ആയിരംകോടി മുതൽ മുടക്കിൽ ഒരുഫൈനാൻസ്കമ്പനിതുടങ്ങാൻകഴിയാത്തത് വളരെ കഷ്ടമായിപ്പോയി. അല്ലെങ്കിൽ തന്നെ എവിടെയാ അതിനൊക്കെ സമയം? ലാവലിൻ സായ്പ്പിന്റെ ടാസ്ക് ഫോഴ്സ് കമ്മിറ്റി കളിൽ മുഴുവനായി പങ്കെടുക്കുവാൻ പോലും സമയം കിട്ടാത്തകാലം.

ഇന്നത്തെ സദാനന്ദൻസാറിന്റെ കീർ കമ്മിറ്റികൾ പോലെയൊന്നുമല്ലായിരുന്നു അന്നത്തെ ലാവ്ലിൻ സായ്പ്പിന്റെ ഫോഴ്സ് കമ്മിറ്റികൾ. സ്വപ്നം കാണാൻ പറ്റില്ല ആ പുഷ്ക്കരകാലം. ഏതായാലും സൊസൈറ്റിക്കാരുടെ പൈസകൊണ്ട് ഫൈനാൻസ് കമ്പനി ഗംഭീരമായി തുടങ്ങാനുള്ള നിർദ്ദേശം നിരാകരിച്ചതു നന്നായി. അല്ലെങ്കിൽ സൊസൈറ്റിയിൽ പണമിട്ടവർ കുത്തു പാളയെടുത്തേനേം; ചാനലിന്റെ ഷെയർ എടുപ്പിച്ച പാവങ്ങളെപ്പോലെ! 1996 98 കാലം ഗുരുജി ഓർത്തു പോകുകയാണ്. എന്തൊക്കെപ്പറഞ്ഞാലും ഇന്നത്തെപ്പോലെ ഒരു മന്ത്രി ഇല്ലാത്ത അവസ്ഥ അന്നില്ലായിരുന്നു. വിജയൻ സാറിന്റേത് സുഗ്രീവാജ്ഞ തന്നെയായിരുന്നു. എന്നാൽ അത്തരം സുഗ്രീവാജ്ഞകൾ നടപ്പാക്കേണ്ട അംഗദനുണ്ണിയുടെ റോളല്ലായിരുന്നോ

നമ്മുടെ ഉണ്ണിത്താൻ സാറിന്റേത്. എന്നിട്ടിപ്പോൾ സി.പി.ആർ.ഐ യുടെയും സി.ബി.ഐയുടെയും കാങ്ക്രസ്കാരു നടത്തിയ വിജിലൻസ് അന്വേഷണത്തിന്റേയുമൊക്കെ മറപിടിച്ച് വിജയൻ സാറിനു നേരെ കൈചൂണ്ടുമ്പോൾ മറ്റു നാലു വിരലുകൾ തനിക്കു നേരേ നീളുന്നത് പ്രമേഹ ബാധിതമായ കാഴ്ചക്കുറവിനാൽ ഒരു പക്ഷേ കാണുന്നില്ലായിരിക്കാം.

പള്ളിവാസലിന്റെ ശേഷി 37.5 MW ആയിവർദ്ധിപ്പിച്ചത് 1951 കളിൽ ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്താണ്.അന്നു മുതൽ ഇന്നുവരെ അത്രയും വൈദ്യുതി ഒന്നിച്ചുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലശേഷിയിൽ നിന്ന് 5 MWഎങ്കിലും കുറച്ചേ

**ജലസംഭരണികൾ നിറഞ്ഞിരിക്കമ്പോഴും പെയ്തു വെള്ളം പാഴാകാതെ ഉപയോഗപ്പെടുത്തത്തക്ക വിധം ഉല്പാദനം നടത്തുന്നതിനാൽ രൂപകൽപ്പന ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഈ ഉല്പാദന നിലയങ്ങൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ, രൂപകൽപന ചെയ്ത ഉല്പാദനത്തിലേക്കുപോലും എത്തിക്കാൻ നവീകരണ പ്രവർത്തനത്തിനുശേഷം ഈ നിലയങ്ങൾക്കായില്ല.** – CPRI....... **(ലേഖനത്തിലേത്)**

**താൻ കളങ്കിതനല്ല എന്ന ആത്മവിശ്വാസം ഉണ്ടായിരുന്നെങ്കിൽ പിണറായി വിജയൻ ചെയ്യേണ്ടിയിരുന്നത്, കരാറുമായി മുന്നോട്ടു പോയതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പാർട്ടി അംഗങ്ങളോടും ജനങ്ങളോടും മാപ്പു ചോദിക്കുകയായിരുന്നു. അതിനുവേണ്ടത് കൗടില്യമല്ല; ധീരതയാണ്. തന്റെ പ്രസ്ഥാനത്തെ സ്നേഹിക്കുന്ന ഉത്തമനായ ഒരു കമ്മ്യൂണിസ്റ്റിനേ അതിനുള്ള ആർജ്ജവമുണ്ടാകൂ. അതിനു പകരം, തന്റെ സുഗ്രീവാജ്ഞക്കെതിരെ ഒരു ഈച്ചയെപ്പോലും പറക്കാൻ അനുവദിക്കാതിരുന്ന ഊർജ്ജവകുപ്പിലെയും വൈദ്യുതി ബോർഡിലെയും തന്റെ ഭരണകാലത്തെ ഉദ്യോഗസ്ഥ പ്രമുഖരാണ് ഈ വഴിവിട്ട സഞ്ചാരത്തിനെല്ലാം ഉത്തരവാദികൾ എന്ന് മൊഴി കൊടുത്ത് പരിഹാസ്യനായി രക്ഷപ്പെടാനാണ് പിണറായി വിജയൻ ശ്രമിച്ചത് ..(ലേഖനത്തിലേത്)**

ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കാരണം വെള്ളം വരുന്ന കുഴലിന് അത്രയേ പറ്റൂ. അതിന്റെ വ്യാസമൊന്നു കൂട്ടണമെന്ന് സുഗ്രീവഭരണ കാലത്ത് അംഗദനുണ്ണിയ്ക്കെങ്കിലും ഒന്നുപറയാമായി രുന്നു. അല്ലെങ്കിൽ ബിനാമി നാലാം പ്രതിയെക്കൊണ്ടെ ങ്കിലും പറയിക്കാമായിരുന്നു. എന്നിട്ടിപ്പോൾ കാങ്ക്രസ് ഭരണസമയത്തെ വിജിലൻസിന്റെ കണ്ടെത്തലായ വിദ്യുഛക്തി വകുപ്പിലെയും വിദ്യുഛക്തി ബോർഡിലേയും ഉന്നതരായ ഒൻപത് ഉദ്യോഗസ്ഥർ അഴിമതി നിറഞ്ഞ ഈ ഇടപാടിന് ഉത്തരവാദികളാണ് എന്നൊക്കെ പൊക്കിപ്പിടിച്ച് ഇപ്പോൾ മാന്യൻ ചമയുന്ന ഈ അഭിനവകാഷ്യ സിനോട് സീസറെന്നല്ല ബ്രൂട്ടസ് പോലും ക്ഷമിക്കില്ല: എന്നു വിചാരിച്ച് ലാവലിൻ ഇടപാടിൽ ഉൾപ്പെട്ടിട്ടു ണ്ടെന്ന് ഇപ്പോൾ ഭൂരിപക്ഷവും കരുതുന്ന അഴിമതിയെ ഗുരുജി ന്യായീകരിക്കുന്നില്ല. അത് ബോർഡിൽ മിക്കപ്പോഴും പൊങ്ങിവരാതെയും വല്ലപ്പോഴും പൊങ്ങിവരുന്നതും ഉന്നതതലങ്ങളിൽ എല്ലാക്കാലത്തും നടന്നു വരുന്നതുമായ നിരവധി അഴിമതികളിൽ ഒന്നു മാത്രം. എന്നാൽ ഈ സ്ഥാപനവുമായി പുലബന്ധം പോലുമില്ലാത്ത ഒരു പദ്ധതി കൂടി ഈ ഇടപാടുമായി ബന്ധപ്പെടുത്തിയതാണ് അനുചിതമായത്. അതുകാരണം ഒരു നിരപരാധി എങ്കിലും ഇതിൽ അകപ്പെട്ടുപോയി എന്നതിൽ ഗുരുജിക്ക് വ്യസനമുണ്ട്.

**യു.ഡി.എഫ് ഭരണകാലത്ത് ലാവലിൻ ഇടപാടുസംബന്ധിച്ച് നിയമസഭയിൽ അഴിമതിയാരോപണം വന്നതിനെ തുടർന്ന് സംസ്ഥാനവിജിലൻസ് കേസ് അന്വേഷിക്കുകയും ലാവലിൻ ഇടപാടിൽ അഴിമതിയുണ്ടെന്ന് കണ്ടെത്തുകയും ചെ്തു. പല സി.പി.എം നേതാക്കളും ചാനൽ ചർച്ചകളിൽ മുഖം രക്ഷിക്കാൻ പറയുന്നതുപോലെ പിണറായി വിജയൻ കുറ്റക്കാരനല്ല എന്നു കണ്ടെത്തുകയല്ല ആ അന്വേഷണത്തിലുണ്ടായത്. കുടുതൽ ആഴത്തിൽ അന്വേഷണം വേണ്ട കേസാണെന്നും വിദേശരാജ്യങ്ങളുടെ സഹകരണം അതിനാവശ്യമാണെന്നും ആ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. സംസ്ഥാന വിജിലൻസിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് അന്വേഷിച്ചതിൽവിദ്യുച്ഛക്തി വകുപ്പിലെയും വിദ്യുച്ഛക്തി ബോർഡിലെയും ഉന്നതരായ ഒൻപത്ഉദ്യോഗസ്ഥർ അഴിമതി നിറഞ്ഞ ഈ ഇടപാടിന് ഉത്തരവാദികളാണെന്ന് കണ്ടെത്തുകയും ചെയ്തു . ..(ലേഖനത്തിലേത്)**

അഴിമതിയൊക്കെ നടത്തുമ്പോൾ എന്തെങ്കിലും ചില്ലറയൊക്കെ കൂട്ടാളികൾക്കും കിട്ടണമല്ലോ! കാഷായിട്ടോ കൈണ്ടായിട്ടോ? വിജയൻസാറിനെ പേടിച്ച് കൈണ്ടായി മാത്രമേ വാങ്ങിയിട്ടുള്ളൂ എന്ന് ചിലരൊക്കെ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.മറ്റു ചിലരൊക്കെതനിക്കുമീതെയുള്ളവരെ മറി കടന്നുള്ള നിയമനങ്ങളും പെൻഷൻ പറ്റിയതിനു ശേഷമുള്ള അധികാര സ്ഥാനങ്ങളും കൈണ്ടായി സ്വീകരിച്ചിട്ടമുണ്ട്.എന്നാൽ ഇതൊക്കെ കിട്ടാത്ത, ഈ ഇടപാടിനു വളരെ മുമ്പു തന്നെ മകളെ കെട്ടിക്കാൻ കാശില്ലാഞ്ഞ് വി.ആർ.എസ് എടുത്തു രംഗം ഒഴിയാൻ തയ്യാറായ, ഒരു പാവം ഇതിൽ ഉൾപ്പെട്ടുപോയി. വാക്കാലുള്ള നിർദ്ദേശം മാനിച്ച് പ്രഥമൻ തയ്യാറാക്കാൻ സംഘടിപ്പിച്ച ഉരുളിതാഴെ പൊടിയടിച്ചു കിടന്നത് പൊക്കിയെടുത്ത് മേളിൽ എത്തിച്ചതാണ് പാവം ചെയ്ത കുററം. സമൂഹ സദ്യക്കാണ് പ്രഥമൻ എന്നായിരുന്നു പാവം ധരിച്ചുപോയത്. മുജ്ജന്മപാപം എന്നു കരുതി വിധിനിയതിയെ സ്വീകരിക്കാൻ സന്നദ്ധനായിരിക്കുന്ന അദ്ദേഹം ഒരു ചോദ്യവും ചോദിക്കുന്നുണ്ട്. ഇന്ന് കൊട്ടിഘോഷിക്കുന്ന സി.എഫ്.എൽ പദ്ധതി ഉൾപ്പടെ നിരവധി പ്രപ്പോസലുകൾ താൻ മേളിലേക്ക് അയച്ചിട്ടുണ്ട്. അതിൽ മിക്കതുംതള്ളിക്കൊണ്ട് ഇതു മാത്രം എന്തു കൊണ്ട് ബോർഡ് സ്വീകരിച്ചു എന്നത്. അതും ഒപ്പിടാത്ത ഒരു കടലാസിന്റെ ബലത്തിൽ(ഉരുളി)

ഏതായാലും ഇത്രയും ഛർദ്ദിച്ചപ്പോൾ ഗുരുജിയുടെ തലകറക്കത്തിന് അല്പം ആശ്വാസമായിട്ടുണ്ട്. എന്നാലും ഒ.എ.സംഘത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരകനായ ഉണ്ണിത്താൻസാർ ഇങ്ങനെയൊരു ലീലാവിലാസത്തിന് തയ്യാറായത് എന്തു കൊണ്ട് എന്നാലോചിച്ചാൽ തലകറക്കം വീണ്ടും കൂടുന്നു.? പതിനെട്ടിലൊരുവനെങ്കിലും ആകാം എന്ന വ്യാമോഹം നടക്കാത്തതിലുള്ള നിരാശയാണോ? ഏതായാലും കൊതിക്കെറുവ് കാര്യമായിട്ടുണ്ട്. സി.പി.എമ്മിന്റെ ഉന്നതനായ ഒരു നേതാവിന്റെ കാനഡയിലുള്ള ബിസിനസ്കാരൻ മകന് ലാവലിൻ ഇടപാടുമായി ബന്ധമുണ്ട് എന്നൊക്കെ ആരോപിക്കുമ്പോൾ മുമ്പ് കാനഡയിൽ ബയോഡേറ്റ ഫാക്സ് ചെയ്ത കാര്യങ്ങളൊക്കെയാണ് ഗുരുജിക്ക് തികട്ടിവരുന്നത്. സാരമില്ലന്നെ! തൽക്കാലം ഒരു ചാനൽ കേബിൾകമ്പനിക്ക് വൈദ്യുതി പോസ്റ്റിലൂടെ ചുളുവിലക്ക് കേബിൾ വലിക്കാൻ ഏർപ്പാടാക്കി കൊടുത്തുകിട്ടിയ കൈണ്ട് കൊണ്ട് സമാധാനിക്കുക. ഇത്രയും അപഹാസ്യമായ രീതിയിൽ കളം മാറ്റി ചവിട്ടരുത് എന്നൊരു അപേക്ഷ ഗുരുജിക്കുണ്ട്. ഒന്നുമല്ലെങ്കിലും താങ്കളും ഒരു സമർത്ഥനായ ഇഞ്ചിനിയർ തന്നെയല്ലെ?

# PROMOTION &TRANSFER

## Promotion and posting of Executive Engineer to the cadre of Deputy Chief Engineer

(Order No. B.O.(FM) No.1904/2009 (Estt III/4532/2006) dtd.1.7.2009

1. **B. Nina,** Executice Engineer, O/o the CE,Trans South, Trivandrum. — Dy. Chief Engineer, O/o the CE (PED). Vaidyuthi Bhavanam. Trivandrum.

## Promotion and posting of Assistant executive Engineer to the cadre of Executive Engineer

Order No.B.O. (FM)No.1903/2009 (Estt.III/1313/2009) dated 23.7.2009

1. **N.Suresh,** AEE Relay sub division, Pathanamthitta. — Executive Engineer, Ele. Circle, Kalpetta.
2. **T.R.Shelvy Mole,** AEE,RPTI. Kottayam. — Executive Engineer, Ele. Circle, Vadakara
3. **V.Manoj**, AEE, Ele. Sub division, Ezhamkulam. — Executive Engineer, Ele. Division, Kasaragode

**ഇന്ത്യൻ ശിക്ഷാനിയമം 120(ബി)വകുപ്പനുസരിച്ച് കുറ്റകരമായ ഗൂഢാലോചന,420–ാം വകുപ്പനുസരിച്ച് വഞ്ചന, അഴിമതിനിരോധന നിയമത്തിലെ 13(1) വകുപ്പിനനുസരിച്ച് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യൽ, അധികാരദുർവിനിയോഗത്തിലൂടെ ബോർഡിനും സംസ്ഥാനത്തിനും നഷ്ടമുണ്ടാക്കൽ എന്നീ കുറ്റങ്ങളാണ് പിണറായി വിജയൻ ചെയ്തിട്ടുള്ളത് ..(ലേഖനത്തിലേത്)**

ഇപ്പോഴത്തെ ഒ.എ.സാറന്മാർക്ക് തങ്ങളുടെ ജീവിതാത്മാവും പരമാത്മാവുമായ നേതാവിന് സംഭവിച്ച ഈ വിഭ്രാന്തിയെ ക്കുറിച്ച് എന്താണ് പറയാൻ ഉള്ളതെന്നറിയാനും ഗുരുജിക്ക് കൗതുകമുണ്ട്. ബാലൻ സാറിനോട് ഇപ്പോൾ ഗുരുജിക്ക്ഒന്നും പറയാനില്ല. കൂടെ നില്ക്കുന്നവർ ആന്റണിമാരാണെന്ന് വിശ്വസിച്ചാണ് പാവം ഒരോ കാര്യത്തിനും ഇറങ്ങി പുറപ്പെട്ടിട്ടുള്ളത്. യൂ ററൂ ബ്രൂട്ടസ് എന്നല്ല യൂ ററൂ കാഷ്യസ് എന്നു തന്നെ ചിലപ്പോൾ വിളിച്ച് ഭാവിയിൽ കരയേണ്ടിവന്നേക്കും ഇനം ഇതാണെങ്കിൽ. കാരണം ഉണ്ണിത്താൻസാറിന്റെ തല കണ്ടാൽ ഇപ്പോഴും അൺ ലിമിററഡ് കമ്പനിയുടെ മാഹാത്മ്യത്തെക്കുറിച്ച് പുകഴ്ത്താൻ, ഇന്നത്തെ സൂപ്പർ അഡ്വൈസറും എക്സി. ഇഞ്ചിനിയർ വിത്ത് ഫൂൾ പവേഴ്സ് ഓഫ് ചെയർമാനും ആയ പിൻഗാമിക്ക് എന്തൊരു വെമ്പലാണെന്നോ. ഭരണം പോകും മുമ്പ് ടിയാനെ ഒരു ചീഫ് ഇഞ്ചിനിയർ എങ്കിലും ആക്കിയിട്ടു വേണം സദാനന്ദൻ സാറിന്റെ കീർ കമ്മറ്റികളെ പിരിച്ചുവിടാൻ. അതിന് പത്തു നൂറു പേരുടെ തലയ്ക്കു മീതെ ചാടേണ്ടതുള്ളതിനാൽ വലിയൊരു പോൾ വോൾട്ട് ഡി.പി.സി. സർക്കുലറിന്റേയും ഐ.ഐ.എം.പരിശീലന പരിപാടികളുടെയും രൂപത്തിൽ ഇറക്കിയിട്ടുണ്ട്.

**ദീപസ്തഭം മഹാശ്ചര്യം നമുക്കും കിട്ടണം ഏതുവിധേനയും പണി ഉന്നതങ്ങളിൽ!**

## Letter to Chairman

No.KSEBEA/Gl/2009 09-07 -2009

To,

The Chairman,
KSEB Board, Pattom,Thiruvananthapuram-4

Dear Sir,

Sub:-Modification of Gradation of Assistant Engineer (Ele) and Assistant Executive Engineer (Ele).

Ref:- 1. Notice No.EB Gr.3/EE (Ele)/09-10 of Chief Engineer (HRM).
2. Proceedings No.EB Gr.3/Cadre Strength/03 dated 27.11.2004 of the Chief Engineer (HRM)
3. Judgement dated 12.2.2004 of Hon'ble Supreme Court of India in CA No.884/02.
4. Judgement dated 14.6.2004 of Hon'ble. High Court in WP © No.15193/04 filed by Sri. K.S.Mohammed.
5. Order dated 23.9.2004 of Hon. High Court of Kerala in IA No.12216/04 in WP © No.15193/04.

The promotion of Assistant Executive Engineer (Ele) and Executive Engineer (Ele) are governed by the Gradation list approved vide order cited 2nd above. This was approved based on the Judgments, cited 3 to 5 above and after having observed all formalities and procedures. In the order it was also clearly specified that complaints if any against the seniority list may be submitted with in 30 days from the date of publication of the said order.

Now after a lapse of almost five years, the Chief Engineer (HRM) issued the notice to few Executive Engineers as per reference 1st cited informing that in response to certain complaints from some Executive Engineers against the existing gradation, the seniority in the cadre of Executive Engineer was reviewed and it is felt that the seniority position of some of the Executive Engineers needs to be changed. This has been stated without substantiating any valid reasons or grounds. Accordingly, a revised list was attached in which the existing positions of a few lower ranked Executive Engineers in the approved list was moved upwards by about 70 ranks. In this connection it is pointed out that this notice was issued even without any Court Order against the approved list of 27.11.2004 and that too after a lapse of almost 5 years. This unwarranted action on the part of Chief Engineer (HRM) indicates a definite bias and collusion with some vested interests. If the suggested alternation in Gradation is approved, the promotions to higher posts would be unnecessarily held up due to possible Court cases and objections.

Hence, we request the Board to issue necessary directions to the Chief Engineer (HRM) not to take any decision based on the alternations suggested in the notice 1st cited.

Yours faithfully,
General Secretary

# Letter to Govt. Secretary

No.KSEBEA/General/2009 9.7.2009

To

The Principal Secretary to Government
Power (A) Department,
Government of Kerala
Thiruvananthapuram-1

Sir,

Sub : Constitution of Appellate Authority- Request for Formation of 3 Zonal Appellate Authority in the State by appointing a Deputy Chief Engineer (Ele):- reg.

Ref : G.O (P) No.5/2005/PD dated 3.3.2005

In exercise with the Powers conferred under sub-section(1) of section 127 of the Electricity Act,2003 read with rule 3 of the Appeal to Appellate Authority Rules-2004, the Government of Kerala designated the Deputy Chief Engineers of Electrical Circles concerned as the Appellate Authority for the purpose of appeal under section 127 of the Act vide G.O. referred 1st above.

Further, as per the " the Appeal to the Appellate Authority Rules, 2004", for the purpose of appeal under section 127, the state Government may, by notification in the Official Gazette, constitute an Appellate Authority consisting of one or more persons such that one of the persons shall have knowledge of matters related to assessment of Electricity charges and none of them shall be directly related to the affairs of the territorial jurisdiction of the licensee or supplier of the electricity (Page 460 of Manual of Electricity Laws in Kerala-3rd edition 2008-09) . No person other than one from KSEB who have sound experience in Distribution Management will be having dependable knowledge on matters related to assessment of Electricity charges. But as per the above rule he shall not be directly related to the officers of the territorial jurisdiction of the licensee. This proviso makes it impossible to designate a working Deputy Chief Engineer of Electrical Circle as the Appellate Authority.

In this situation we request you to move the Government to constitute 3 Zonal Appellate Authority in the State by appointing a Deputy Chief engineer who has sound knowledge in Distribution/ tariff related matter on deputation basis from KSEB so that he shall not be directly related to the affairs of the territorial jurisdiction of the Licensee.

Yours faithfully
**General Secretary**

# പൈപ്പ് വളയുന്ന കാലം

Er.N.T.Job,
Secretary (North)

കഴിഞ്ഞ ലക്കത്തിനു മുമ്പത്തെ ലക്കം ബുള്ളറ്റിനിൽ ഒരു ടെയിനിംഗിനെക്കുറിച്ചെഴുതി യിരുന്നതോർമ്മയുണ്ടല്ലോ? അതിന്റെ തുടര ന്വേഷണത്തിൽ മനസ്സിലായത് ഇതുകൊണ്ടൊ ന്നും ആശാന്മാർക്ക് പനി പിടിക്കില്ലെന്നാണ്. അത്രക്ക് പ്രതിരോധ ശക്തി(തൊലിക്കട്ടി)യുള്ള ഇനങ്ങളാണ് മുന്നിൽ നില്ക്കുന്നത്.

കുറച്ചാണ്ടുകൾക്കു മുമ്പ് കേരളമാകെ മണ്ണിനടിയിൽ പൈപ്പുകൾ വിളഞ്ഞിരുന്നൊരു കാലമുണ്ടായിരുന്നു. എന്നാലിന്ന് പൈപ്പുകൾ വളയുന്ന കീഴ്‌വഴക്കങ്ങളാണുണ്ടാവുന്നത്.

ചീഫ് എഞ്ചിനിയർ ആകുവാൻ സാധ്യത യുള്ളവരെ നല്ല രീതിയിൽ പരിശീലിപ്പിച്ച് മിടുക്കന്മാരാക്കുവാനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റുമായി ചേർന്ന് ബോർഡ് ഒരു പദ്ധതി തയ്യാറാക്കിയതിനെക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നു. ഇതിലേയ്ക്ക് ചീഫ് എഞ്ചിനിയറാവാൻ സീനിയോറിററിപ്രകാരം സാധ്യതയുള്ളവരെയാണ്ലിസ്റ്റിൽ ഉൾപ്പെടുത്തി യിരുന്നത്. എന്നാൽ ലിസ്റ്റിൽ നിന്നും നമ്മുടെ രണ്ടു സഖാക്കളെ വെട്ടിമാറ്റി വേറെ രണ്ടുപേരുടെ പേര് ചേർത്തു വച്ചിരിക്കുന്നു. കമ്പ്യൂട്ടർ യുഗമായതുകൊണ്ട് കട്ട്&പേസ്റ്റ് വളരെ ഈസിയാണല്ലോ!

ഈ പേര് ചേർത്തവരുടെ സ്ഥാനം സീനിയോറിററി ലിസ്റ്റിൽ വളരെ താഴെയാണെന്ന താണ് വാസ്തവം. അതിലൊന്ന് സർക്കാർ വിലാസം സംഘടനയുടെ സംസ്ഥാന ഭാരവാഹി യും മറെറാന്ന് ഷോട്ടാ ഭാരവാഹിയുമാണെന്നത് കാര്യത്തിന്റെ ഗതിയെങ്ങോട്ടാണെന്ന് വ്യക്ത മാക്കുന്നു.

പഴഞ്ചൊല്ലിൽ പറയുന്നതുപോലെ വാൽ പന്തീരാണ്ടുകാലം പൈപ്പിലിട്ടാലും പൈപ്പു വളയുമെന്നല്ലാതെ വാലിന്റെ അരിവാളു പോലെയുള്ള വളവിന് മാറ്റം വരില്ലെന്ന് ഒന്നുകൂടി തെളിയിച്ചിരിക്കുന്നു.

ഇവരുടെ പേര് ചേർക്കുവാനായി തൊടുത്തു വിട്ടിരിക്കുന്ന തൊട്ടുന്യായം ഇവർ ആസൂത്രണ ക്കമ്മീഷൻ അംഗങ്ങളാണെന്നതാണ്. ആസൂത്ര ണവും കുടുംബാസൂത്രണവും തമ്മിലുള്ള ബന്ധം പോലും ആസൂത്രണവും ചീഫ് എഞ്ചിനിയറും തമ്മിലില്ലെന്നിരിക്കെ ഇത്തരം വിടുവായത്തരങ്ങൾ എന്തിനാണുന്നയിക്കുന്നത്. എന്തിനാണിങ്ങനെ തലയ്ക്കു മുണ്ടിട്ട് കന്നുകൂടുന്നത്. വളരെ വ്യക്തമായി പറഞ്ഞു കൂടെ, ചീഫ് എഞ്ചിനിയർ മാരെയും മെമ്പർമാരെയും രിക്കുന്ന സംഘടന യാണ് ഞങ്ങളുടേത്, അതുകൊണ്ട് ഞങ്ങളുടെ സംഘടനാ ഭാരവാഹികൾക്ക് ചീഫ് എഞ്ചിനിയർ മാർക്കു കൊടുക്കുന്നതിനേക്കാൾ ഉയർന്ന ട്രെയിനിങ്ങ് ലഭിക്കുവാൻ അർഹരാണ്, അതു കൊണ്ട് ബോർഡിനെ ഭരിക്കുന്ന ഞങ്ങളുടെ ആളുകൾക്ക് ബോർഡ് ചെലവിൽതന്നെ പരിശീലനം നല്കണം എന്നൊരു രേഖ തയ്യാറാക്കി കീഴ്ഘടകമായ ബോർഡിലേക്കു കൊടുത്താൽ നടക്കാവുന്നതല്ലേയുള്ളൂ!

ഇനി ആരെങ്കിലും എതിരായി സംസാരിച്ചാൽ അവരെ രാമ നാരായണം ജപിച്ച് ഇപ്പോഴുള്ള സ്ഥാനങ്ങളിൽ തന്നെ ഇരുത്തി വാല്മീകമായി മാറ്റുന്നതിനായി എലിക്കെണിയെന്ന് അസൂയാലു ക്കൾ വിളിക്കുന്ന ഡി.പി.സി. ഇതാ അവതാര രൂപം പ്രാപിച്ചു കഴിഞ്ഞു. അവതാരലക്ഷ്യം പൂർത്തീ കരിച്ചു മാത്രമേ അവതാരത്തിന് അനന്ത വിഹായ സ്സിലേക്ക് പറന്നുയരുവാൻ സാധിക്കുകയുള്ളൂ.

കഴിഞ്ഞാണ്ടിൽ സർക്കാരിറക്കിയ ഉത്തരവു പ്രകാരം സെപ്തംബർ മാസത്തിൽ ബോർഡ് കമ്പനിയാക്കി മാറ്റണം. കമ്പനി രൂപീകരണം നടക്കുമ്പോൾ സ്വാഭാവികമായും പെൻഷൻ പ്രായം അമ്പത്തെട്ടു വയസ്സാക്കു മെന്നുള്ളത് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.; കേരളത്തിലെ ഒരുവിധം കമ്പനികളിലെല്ലാം പെൻഷൻപ്രായം അമ്പത്തെട്ടാണെന്നത് രഹസ്യമായ കാര്യവുമല്ല. വിവരാവകാശ നിയമപ്രകാരം അന്വേഷിച്ച് അറിയേണ്ട കാര്യവുമില്ല. അങ്ങിനെയാണെങ്കിൽ അടുത്ത മൂന്നു വർഷത്തേയ്ക്ക് പ്രമോഷനുകൾ ഉണ്ടാവില്ലെന്ന് ജോത്സ്യനെ വിളിച്ച് ജാതകം നോക്കേണ്ടതില്ലല്ലോ?

അങ്ങിനെയെങ്കിൽ ഇപ്പോൾ അവതരിച്ചിരിക്കുന്ന ഡ.പി.സി.യുടെ അവതാരലക്ഷ്യം എന്തായിരിക്കും? ഉത്തരം കിട്ടുന്നവർ ഏതെങ്കിലും മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് അയയ്ക്കുക. മറുപടി ഒരു ഡിപ്രമോഷനായിരിക്കാം, കരുതിവേണം അയയ്ക്കുവാൻ. അയയ്ക്കേണ്ട ഫോർമാററ് എല്ലാവർക്കും അറിയുന്നതാണല്ലോ.; എങ്കിലും ഓർക്കുവാനായി താഴെ കൊടുക്കുന്നു. ഡ്രി.പി.സി (.....). ചീഫ് എഞ്ചിനിയറന്മാരുടെ എണ്ണം ഒമ്പതായതുകൊണ്ട് ഉത്തരങ്ങൾ ഒമ്പത് അക്ഷരങ്ങളേക്കാൾ കൂടുവാൻ പാടില്ല.

ഇത്രയും വായിച്ച് തമാശയായി തള്ളിക്കളയരുത്. ഇതിലെ രാഷ്ട്രീയം തിരിച്ചറിയുക. എഞ്ചിനിയറന്മാർക്കു മാത്രമായി നടപ്പിലാക്കുന്ന ഡി.പി.സിയുടെ തനിനിറം തുറന്നു കാണിക്കുക. കമ്പനിരൂപീകരണവേളയിൽ ശ്രദ്ധതിരിച്ച് വിടുവാനുള്ള ഗൂഢ ശ്രമങ്ങളായി മാത്രം ഡി.പി.സി.യെ കാണുക. പ്രമോഷനുകൾതന്നെ ഇല്ലാതാവുന്ന അടുത്ത മൂന്നുവർഷത്തേയ്ക്ക് ഒരാളെ ഒരു ചുക്കും ചെയ്യുവാനുള്ള ശേഷി ഈ ഡി.പി.സി.യ്ക്കുണ്ടാവില്ല.

എഞ്ചിനിയർമാരെ മാത്രം തിരഞ്ഞുപിടിച്ച് ഇത്തരത്തിൽ പരീക്ഷണങ്ങൾക്കു വിധേയമാക്കുമ്പോൾ നമ്മളെന്താണ് കരുതേണ്ടത്?. ശമ്പള പരിഷ്ക്കരണ ചർച്ചകൾ നടക്കുമ്പോഴെല്ലാം എഞ്ചിനിയറന്മാരുടെ തസ്തികകൾക്കൊപ്പം ശമ്പളസ്കെയിലുകൾ വേണമെന്ന് വാദിക്കുന്നവരും കൊടുക്കുന്നവരുമൊന്നും ഈ വിവേചനം തിരിച്ചറിയുന്നില്ല. എഞ്ചിനിയറന്മാർക്കുള്ള ആനുകൂല്യങ്ങളെല്ലാം വെട്ടിക്കുറക്കുന്നതിനാണ് എല്ലാവർക്കും താല്പര്യം. മൂലമററത്ത് അററകുററപ്പണികൾ വിചാരിച്ചതിലും വേഗത്തിൽ തീർത്ത എഞ്ചിനിയർമാരെക്കുറിച്ച് പറയുവാൻ ബോർഡധികാരികൾക്കെല്ലാം വായ നിറയെ വാക്കുകളായിരുന്നു. എന്നാൽ ഉല്പാദന കേന്ദ്രങ്ങളിൽജോലി ചെയ്യുന്നവർക്ക് നഗര പ്രദേശങ്ങളിൽ ജോലിചെയ്യുന്നവരേക്കാൾ ശമ്പളം നല്കണമെന്നു പറഞ്ഞാൽ ചെവിക്കൊള്ളുവാൻ ആരുമില്ല. എഞ്ചിനിയേഴ്സ് അസോസിയേഷനല്ലാതെ ആരും അതിനെ പിന്തുണയ്ക്കാനുമുണ്ടാവില്ല.

എഞ്ചിനിയർമാരുടെ ശമ്പള സ്കെയിലുകൾക്കൊപ്പം ശമ്പളം വാങ്ങുന്ന മററു തസ്തികകളിലുള്ളവരൊന്നും തന്നെ അവരുടെ പ്രമോഷനു വേണ്ടി ഡി.പി.സി.കൾ വഴി പോകേണ്ടതില്ല. എഞ്ചിനിയർമാരല്ലാത്ത അവരെല്ലാം അതു കാരണം രക്ഷപെട്ടു. ഈ വേർതിരിവിനെതിരെ എഞ്ചിനിയർമാരും മററുള്ളവരും ചേർന്നുള്ള സംഘടനകളിലൊന്നും ആർക്കും മിണ്ടാനാവില്ലെന്ന സത്യം മനസ്സിലാക്കുന്നു.

അധികാരവകാശങ്ങൾ കൈയിലുള്ളവരോട് ശബ്ദമുയർത്തിയാൽ അവരെ ലെനിനിസ്റ്റ് രീതിയിൽ ഇല്ലാതാക്കുവാൻ തന്ത്രങ്ങൾ പഠിച്ചിട്ടുള്ളവർക്ക് നക്സലൈറ്റ് രീതിയിലുള്ള തിരിച്ചടിയാണ് അർഹതപ്പെട്ടത്.

നമ്മുടെ വൈദ്യുതി ബോർഡിൽ കടമകളും കർത്തവ്യങ്ങളും കൃത്യമായി നിഷ്ക്കർഷിച്ചിട്ടുള്ളത് എഞ്ചിനിയർമാർക്കു മാത്രമാണ്. പൊതുവെ സാങ്കേതിക വിഭാഗം ജീവനക്കാർക്കു മാത്രം. മറ്റുള്ളവരുടെ കടമകളും കർത്തവ്യങ്ങളുമെന്തൊ

ക്കെയാണെന്നു കണ്ടുപിടിക്കുവാൻ കമ്മിററിയെ വച്ചുവെങ്കിലും റിപ്പോർട്ട് ഇതുവരെ വന്നതായി അറിവില്ല.

ഓരോരുത്തർക്കുമുള്ള അധികാരപരിധികൾ ഉയർത്തിയപ്പോൾ അസിസ്റ്റന്റ് എഞ്ചിനിയർ മാർക്ക് ഒരുപാട് ഉത്തരവാദിത്തങ്ങൾ കൂടി വന്നു. മുകൾതട്ടിൽ നിന്നുള്ള പല അധികാരങ്ങളും താഴെ തട്ടിലെത്തിക്കഴിഞ്ഞു. ഇനി മാതൃകാ സെക്ഷനാഫീസിന്റെ മാതൃകയിൽ എല്ലാ സെക്ഷനുകളും മാറിക്കഴിയുമ്പോൾ താഴെ നിന്നുള്ള പല ഉത്തരവാദിത്തങ്ങളും അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ തലയിൽ ഇടിത്തീയായി വന്നു വീഴും.

ഉദാഹരണത്തിന് ഇന്ന് ഓരോ ലൈനുകളിലും ലോടെൻഷനായാലും ഹൈടെൻഷനായാലും, ട്രാൻസ്ഫോർമർ സ്റ്റേഷനിലായാലും അതിന്റെ ഉത്തരവാദിത്വങ്ങളുള്ള ജീവനക്കാരുണ്ട്. ലോടെൻഷൻ ലൈനുകളാണെങ്കിൽ ലൈൻമാൻ ഓവർസിയർ തുടങ്ങിയവരും ഹൈടെൻഷൻ ലൈനും ട്രാൻസ്ഫോർമറുമാണെങ്കിൽ സബ് എഞ്ചിനിയർമാരും ഉണ്ടായിരിക്കും. ഇന്നത്തെ രീതിയനുസരിച്ച് ഇതിൽ നിന്നെന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ ഇത്തരത്തിൽ ഉത്തരവാദിത്വമുള്ളവരായിരിക്കും ഉത്തരവാദികൾ.

എന്നാൽ പുതിയ മാതൃകയിൽ സെന്ററുകൾ ആർക്കും പതിച്ചു നല്കുന്നില്ല. ആർക്കും പ്രത്യേകിച്ച് ഒരു ലൈനിന്റെയോ ട്രാൻസ്ഫോർമറിന്റേയോ ചാർജ്ജ് ഇല്ലാത്ത അവസ്ഥയിൽ ഇതിൽ നിന്നെന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ അതിന്റെയെല്ലാം ഉത്തരവാദിത്വം സെക്ഷൻ ആഫീസ് തലവൻ എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഏറ്റെടുക്കേണ്ടി വരും.

ബോർഡ് വളരെ കൃത്യമായ ഉത്തരവ് നേരത്തെ ഇറക്കിയിട്ടുമുണ്ട്. ഇത്തരം അപകടങ്ങൾ സംഭവിക്കുമ്പോൾ ഉത്തരവാദിയാരാണോ അവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണമെന്ന്.

ഇത്രയും ഭാരങ്ങൾ താങ്ങേണ്ടിവരുന്ന അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് ശമ്പളസ്കെയിലിൽ മറ്റുള്ളവരേക്കാൾ കൂടുതൽ നല്കണമെന്ന് പറഞ്ഞാൽ എഞ്ചിനിയേഴ്സ് അസോസിയേഷൻ ഒറ്റയ്ക്കായി. മറ്റു സംഘടനക്കാരെല്ലാം നാവനക്കുവാൻ പറ്റാതെ മിണ്ടാതെ നില്ക്കും. എന്നാൽ സംഘടനകൾ ശക്തിപ്പെടുത്തുവാൻ അസിസ്റ്റന്റ് എഞ്ചിനിയർ വേണം താനും.

സെക്ഷൻ ആഫീസിൽ ഫീൽഡിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനിയറൊഴിച്ച് എല്ലാവർക്കും കൺവേയൻസ് അലവൻസുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർക്കില്ല. ഇതിനുള്ള ന്യായം ആഫീസിൽ ജീപ്പുണ്ടെന്നുള്ളതാണ്. അസിസ്റ്റന്റ് എഞ്ചിനിയർമാർ എത്ര തവണ ജീപ്പിൽ സഞ്ചരിക്കുന്നുണ്ടെന്ന് ലോഗ്ബുക്ക് നോക്കുന്നവർക്കറിയാം. ഏറെ പേരും സ്വന്തം വാഹനമോടിച്ചാണ് ഫീൽഡിൽ പോകുന്നത്.

വാതോരാതെ വർത്തമാനം പറയുവാനും ഉത്തരവാദിത്വങ്ങൾ അടിച്ചേൽപ്പിക്കാനും ഇഷ്ടം പോലെ ആൾക്കാരുണ്ട്. എന്നാൽ അവർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുവാൻ എല്ലാവർക്കും പിശുക്കാണ്. ഇതൊക്കെ വായിച്ച് മറ്റു സംഘടനകളിൽപ്പെട്ടവരാരും തന്നെ ശബ്ദമുയർത്തരുത്. സദ്ദാംഹുസൈനെ തൂക്കിലേറ്റിയതുപോലെ നിങ്ങളെ ബലിയാടുകളാക്കും. ലെനിനിസം എന്ന പുതിയൊരു വാക്കും ഇതിനായി നിഘണ്ടുവിൽ എഴുതി ചേർത്തിട്ടുണ്ട്. തലപ്പത്തിരിക്കുന്നവരുടെ കാര്യസാധ്യത്തിനായി സംഘടനാബലം ഉപയോഗിക്കുന്നതല്ലാതെ അംഗങ്ങൾക്കിവർ എന്താണ് നേടിത്തന്നതെന്ന് ആലോചിക്കുന്നത് നന്നായിരിക്കും. ആലോചന മാത്രമായിരിക്കണം. ശബ്ദിക്കുവാൻ നിങ്ങൾക്കധികാരമില്ല.

എന്തായാലും വളഞ്ഞ പൈപ്പുകൾ കൊണ്ട് കെ.എസ്.ഇ.ബി.ലിമിറ്റഡ് എന്നെഴുതാം..

# DISCUSSION FORUM

## Planning

Since last year KSEB is said to be following a different planning process. This process was introduced with lot of fanfare and attracted the attention of all and sundry. It is claimed that the so called de-centralised planning when implemented after correcting all the teething troubles will address many problems associated with the current planning process. De-centralised planning hopes to involve people and employees from grass-root level. It ideally will implement the planning from employees of the lower level so that implementation will get more involvement from them. It has been assured that the very low level of implementation achievement in the first year of de-centralised planning is only an aberration or can be termed as small problems which can be addressed and rectified in subsequent years. So far so good.

Why had no one thought of this early? Is it an innovative process which will address many a problems of power network planning? The answer may not be rosy. The one advantage of the decentralized hungama that was carried out was the collection of requirements in a more realistic way which was more a whims and fancies of some earlier. Or whether these whims and fancies regarding requirements has been de-centralised to a local level? Whether the low level of implementation is an indicator to this is to be researched upon.

But the follow up process of consolidation of requirements and allocation of resources is where the present planning managers has faulted upon. The basic technical person in a utility should know that HT power system network should be planned with proper network studies and load flow studies. Network requirement planning should be backed by sound technical studies on the requirements collected from the field.

Otherwise an increase of T & D losses will happen and no body will get a clue why these T & D losses are not reducing. Just increasing the HT/LT ratio by increasing the 11kV line lengths will not at all reduce our losses. On the contrary it may cause manifold increase in the losses. When a requirement of an extension of line comes from the field, this should not be approved without looking upon the technical and economical feasibility of the same. Perhaps providing an additional feeder from the substation will be more feasible. Field should be instructed to do the revised plan after proper studies

# വിദ്യാഭ്യാസത്തെ കുറിച്ച് വീണ്ടും

*Er. V.Rajan,DY.CE Retd,*

**സ്വാ**തന്ത്ര്യ ലബ്യതക്കുശേഷം എന്നും വിദ്യാഭ്യാസം ഇവിടെ ഒരു തർക്ക വിഷയമായിരുന്നല്ലോ? സ്വകാര്യ മേഖലയെ നിയന്ത്രിക്കുന്നതിനായിരുന്നു ആദ്യത്തെ ശ്രമം. അതവസാനം അദ്ധ്യാപകർക്ക് ശമ്പളം നേരിട്ട് നല്കുന്ന വ്യവസ്ഥയിൽ അവസാനിച്ചു. അങ്ങനെ മാനേജ്മെന്റിന് അദ്ധ്യാപകരുടെ നിയമനത്തൽ പൂർണ്ണ സ്വാതന്ത്ര്യം കിട്ടി. ഉദ്യോഗാർത്ഥികളിൽ നിന്നുള്ള സംഭാവന മാനേജ്മെന്റിന്, ശമ്പളചിലവ് സർക്കാരിന്. ഇതായിരുന്നു ആദ്യത്തെ ഒത്തുതീർപ്പ്.. അതിപ്പോഴും തുടരുന്നു.

അതിന് ശേഷം ഭരിച്ച ഓരോ സർക്കാരും അവരവരുടെ രാഷ്ട്രീയലക്ഷ്യം വച്ച് പല തീരുമാനങ്ങളും നടപ്പിലാക്കി. അതോടെ വിദ്യാഭ്യാസം എല്ലാ തലത്തിലും ഏതാണ്ട്, എല്ലാപേർക്കും, സൗജന്യമായി. ഇതിനിടക്ക് അക്കാഡമിക് കൗൺസിലും ഭരണനിർവ്വഹണ സമിതികളിലും മുഴുവൻ രാഷ്ട്രീയ നോമിനികളെക്കൊണ്ടു് നിറഞ്ഞു. അങ്ങനെ വിദ്യാഭ്യാസം അടിമുടി രാഷ്ട്രീയവല്കരിക്കപ്പെട്ടു. സർക്കാർ മാറുന്നതിനനുസരിച്ച് സിലബസും പുസ്തകങ്ങളും മാറികൊണ്ടിരുന്നു. ഫീസുകൾ നാമമാത്രമായതുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ഭദ്രത നഷ്ടമായി; പക്ഷേ എല്ലാ അഞ്ചുവർഷത്തിലും അദ്ധ്യാപ കർക്ക് (മറ്റ് ജീവനക്കാർക്കും) ശമ്പള പരിഷ്ക്കരണം നടക്കുന്നുണ്ടായിരുന്നു. (കോളേജ് തലത്തിൽ

---

This was why power system planning was always a centralized one. For carrying out this planning studies on the requirements collected from the field , experts in load flow studies and network planning is required at the central level, since expertise for the same will not be available everywhere.

But as far as KSEB is concerned it remains a sorry state of affairs in the central level also. Previously lot many employees returning from job abroad were there to adequately look after these technical studies and provide technical advice to the management. There was incentive enough in the name of proper recognition earlier. Nowadays some other things matter more than technical expertise.

So in conclusion decentralized planning has rejuvenated the realistic requirement collection from field especially of LT network but failed in the most important matter of a power utility. "**Network Planning**." So better re-mould it to suit to our requirement.

I may not be entirely right in my views. Everybody is requested to respond to these discussions in an active manner so that better suggestions are evolved.

(The views expressed here is attributed entirely to the author and Engineers Association may or may not subscribe to the author's views)

യു.ജി.സി.ശമ്പളം മറ്റ് ഉത്തരവാദിത്വമൊന്നുമില്ലാതെ, നടപ്പിലാക്കി).

രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ തകർത്തു. ഇതിനിടക്ക് രാഷ്ട്രീയ ആഭിമുഖ്യമുള്ള വിദ്യാർത്ഥി- അദ്ധ്യാപക സംഘടനകൾ അവരുടെ രാഷ്ട്രീയ ലക്ഷ്യം നേടാൻ വിദ്യാഭ്യാസ മേഖലയെ ഉപയോഗപ്പെടുത്തി. ഈ പഴുതിൽക്കൂടി കേന്ദ്ര പാഠ്യപദ്ധതിയിലുള്ള വിദ്യാലയങ്ങൾ എയ്ഡഡ് മേഖലയിൽ വളർന്നു പന്തലിച്ചു. അതിനെ സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ എതിർക്കുന്നവരും സ്വന്തം കുട്ടികളെ ഈ വിദ്യാലയങ്ങളിൽ തന്നെയാണ് പഠിപ്പിച്ചിരുന്നത്.

ഇതിനിടക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ നിലവിൽ വന്നു. അപ്പോഴും ഫീസിന്റെ പേരിൽ രാഷ്ട്രീയ മായ തെരുവ് യുദ്ധങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ഈ സ്ഥാപനങ്ങൾ ഇവിടെ തഴച്ചു വളർന്നു. ഇപ്പോൾ ഏതാണ്ട് 100 എഞ്ചിനിയറിംങ്ങ് കോളേജുകളും 20 മെഡിക്കൽ കോളേജുകളും ഉണ്ട്. കൂടാതെ ഡന്റൽ, ബി.എഡ്, നേഴ്സിംഗ്, മാനേജ്മെന്റ് അങ്ങനെ പലതും. കൂട്ടത്തിൽ ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ടായിരുന്നു. കോടതികളും ഈ വിഷയത്തിൽ ഒരു പ്രധാന ഘടകമായിരുന്നു. ഗവൺമെന്റ് നേരത്തെ പറഞ്ഞ രാഷ്ട്രീയ സമിതികളുടെ ഉപദേശപ്രകാരം പല നയപരമായ തീരുമാനങ്ങളും, വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ, നടപ്പിലാക്കാൻ ശ്രമിച്ചു. അങ്ങനെ പല ഉത്തരവുകളും കോടതിയിൽ എത്തി; പലതിലും സർക്കാരിന് എതിരായ വിധികളും വന്നു.

ഈ സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ 50-50 എന്നൊരു ധാരണ അന്നത്തെ സർക്കാരുമായിട്ടുണ്ടായിരുന്നു. പക്ഷേ അത് നടപ്പിലായില്ല. ഈ വർഷം ഏതാണ്ട് നാലു തരം ഫീസ്ഘടനയാണുള്ളത്. ഏതാണ്ട് എല്ലാ കുട്ടികളും ഫീസ് നല്കണം. ഇത് ശരിക്കും മാനേജ്മെന്റുകൾക്ക് അനുകൂലമാണ്. ചില ഭരണപക്ഷ യുവജന സംഘടനകൾ ചില എതിർപ്പുകൾ ആദ്യം നടത്തിയെങ്കിലും ഇപ്പോൾ എല്ലാപേരും പുതിയ ഫീസ്ഘടന അംഗീകരിച്ചത്പോലെയാണ്.

ഈ കൂട്ടത്തിൽ കേന്ദ്രഗവൺമെന്റ് പത്താം തരത്തിൽ പൊതുപരീക്ഷ വേണ്ടായെന്ന് നിർദ്ദേശം വച്ചത്. അതിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നു. പക്ഷേ ഇവിടെ ഇപ്പോൾ തന്നെ വിജയശതമാനം ഏതാണ്ട് 100%മാണ്. അപ്പോൾ പിന്നെ പരീക്ഷ നടത്തിയാലും ഇല്ലെങ്കിലും ഒന്നും സംഭവിക്കില്ല. സാർവ്വത്രിക വിദ്യാഭ്യാസം 14 വയസ് വരെ നിർബന്ധമാക്കാനുള്ള കേന്ദ്രനിയമം ഉടനെ നടപ്പിൽ വരും. കേരളം ഈ പ്രത്യേകത നേരത്തെ തന്നെ നേടിയിരുന്നു. പക്ഷേ ഇപ്പോൾ നടന്ന കുട്ടികളുടെ കണക്കെടുപ്പിൽ സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞതായിട്ടാണ് കാണുന്നത്. അതിന്റെ കാരണത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ട്.

ഇവിടെ ഇപ്പോളൊരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിലുണ്ട്. അവർ പല നിർദ്ദേശങ്ങളും സർക്കാരിന് നല്കിയിട്ടുണ്ട്. അങ്ങനെ ഡിഗ്രി തലത്തിൽ ക്രെഡിറ്റ് & സെമസ്റ്റർ പദ്ധതി നടപ്പിലാക്കുന്നു.

ഇന്ത്യ പോലൊരു രാജ്യത്തിന് സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലാക്കാൻ സാധിക്കുമോയെന്ന് സംശയമാണ് (ബാല വേല നിരോധിച്ച കാര്യം ഓർക്കുക) കുട്ടികളെ പള്ളിക്കൂടത്തിൽ വിടാത്തത് രക്ഷകർത്താക്കൾക്ക് അതിന് താല്പര്യമില്ലാത്തതുകൊണ്ടല്ല, അതിനുള്ള വരുമാനവും മറ്റ് സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടാണ്. നിയമങ്ങൾ പാസ്സാക്കാൻ വളരെ എളുപ്പമാണ്. നടപ്പിലാക്കാനാണ് പ്രയാസം. സർവ്വകലാശാലാ ബിരുദങ്ങൾ മാത്രം പോര ഒരു രാജ്യത്തിന് പുരോഗമിക്കാൻ. അതിന് വിദഗ്ദ തൊഴിലാളി

കളും വേണം. കൂടാതെ പാരമ്പര്യ തൊഴിലുകൾ പുതിയ തലമുറക്ക് കൈമാറുകയും വേണം. ഇതൊന്നുമില്ലാതെ എല്ലാ യുവാക്കളേയും ബിരുദധാരികളാക്കിയാൽ എല്ലാം ശരിയാകുമെന്ന് ധരിക്കുന്നത് മൗഢ്യമാണ്.

അതുപോലെ 10ാം തരത്തിൽ 60%ന് മുകളിൽ മാർക്ക് കിട്ടുന്നവരെ മാത്രം 11ാം തരത്തിലേക്ക് പ്രവേശിപ്പിക്കാവൂ. മറ്റുള്ളവർക്ക് മെട്രിക്, നോൺ മെട്രിക് കോഴ്സുകൾക്ക് ശ്രമിക്കാം. 12ാം തരത്തിൽ 50%ന് മുകളിൽ മാർക്കുള്ളവരെ മാത്രം കോളേജ് തലത്തിലേക്ക് പ്രവേശിപ്പിക്കാവൂ. ഫീസ് എല്ലാ തലത്തിലും രക്ഷകർത്താക്കളുടെ വരുമാനത്തിനനുസരിച്ച് പിരിക്കുക. സംവരണ മൊക്കെ പാലിക്കുക. വിദ്യാഭ്യാസമേഖലയിൽ നിന്നും രാഷ്ട്രീയക്കാരെ നിശേഷം മാറ്റുക. ഭരണകക്ഷി വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള പാർട്ടി അനുഭാവികളെ മാത്രം ചുമതലകൾ ഏല്പിക്കുക. നാട് നന്നാക്കാൻ നടക്കുന്ന സന്നദ്ധ സംഘടനകളെയും സംഘടനാ നേതാക്കളേയും നിയന്ത്രിക്കുക (അവരുടെ അതിതാല്പര്യം കൊണ്ടാണ് മതമില്ലാത്ത ജീവനൊക്കെ പാഠപുസ്തകത്തിൽ കടന്നു കൂടുന്നത്). വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്വം പ്രയോജനപ്പെടുത്തുക.

വരും തലമുറയുടെ ഭാവിയെക്കരുതി വിദ്യാഭ്യാസത്തെ രാഷ്ട്രീയത്തിൽ നിന്ന് മോചിപ്പിക്കുക. മദ്ധ്യവർക്ഷവല്ക്കരണം വളരെ ശക്തമായ നിലയിൽ തുടരുന്ന ഒരു സമൂഹത്തിൽ അതിന്റെ മനശാസ്ത്രം മനസിലാക്കി നിയമങ്ങൾ നടപ്പിലാക്കുക. എന്തിനേയും ഒരേ സമയം എതിർക്കുകയും അതിന്റെ ഗുണഫലങ്ങൾ അനുഭ വിക്കുകയും ചെയ്യുകയെന്നുള്ളത് ഈ സമൂഹത്തിന്റെ പ്രത്യേകതയാണ്. (ചില ഉദാഹരണങ്ങൾ:കമ്പ്യൂട്ടർ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആഗോളവല്ക്കരണം)

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക; ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്തില്ലായെങ്കിൽ പിന്നെ നമ്മൾ പ്രതീക്ഷിക്കാത്തതും ഇഷ്ടപ്പെടാത്തതുമായ പല കാര്യങ്ങളും അപ്രതീക്ഷിതമായി ഒരു നിയന്ത്രണവുമില്ലാതെ നമുക്ക് ചെയ്യേണ്ടി വരും; ഫീസ്‌വർദ്ധന, അൺഎയ്ഡഡ് വിദ്യാലയങ്ങൾ, സ്വാശ്രയവിദ്യാലയങ്ങൾഇതിലൊക്കെ സംഭവി ച്ചതിതാണ്. വിദ്യാഭ്യാസ മേഖലയിൽ ഒരു സപ്ലൈ ഡിമാന്റ് പ്രതിഭാസമാണ് ഇപ്പോൾ ഇവിടെ നിലവിലുള്ളത്. അതിൽ ഗുണമേന്മ ഒരു പ്രത്യേക ഘടകമാണെന്ന് ഓർക്കുക.

❁

## ഘടികാരം



ഒരാൾപറഞ്ഞു:
"ഭൂമി കറങ്ങുന്നുണ്ട്."
കാണാൻ ഒത്തില്ല ഒരാൾക്കും.
'കറക്കം തലക്കുതന്നെ.'
ഭ്രാന്തനാക്കി അയാളെ എല്ലാവരും.
ഭൂമി ഭ്രമണം നിർത്തിയില്ല, ഒരിക്കലും.
കാലചക്രം തിരിഞ്ഞപ്പോൾ
'ഭ്രാന്തൻ' പ്രസിദ്ധനായി.
നീ കാലമെത്രയായി
കറക്കം തുടങ്ങിയിട്ട്,
ഭൂമിക്ക് എതിരായി
കൈകാൽ വിറപ്പിച്ച്.
ഇടക്കിടെ നിർത്താറുണ്ടോ
നിന്റെ കറക്കവും മണിയടിയും?
വിശപ്പിന്റെ മൂർദ്ധന്യത്തിൽ
വിശ്രമിക്കാറുണ്ടോ?
പണിമുടക്കാറുണ്ടോ?
തരാം വീണ്ടും വിഭവം സമൃദ്ധിയായി
തുടങ്ങാം നിന്റെ പ്രയാണം
മടി കൂടാതെ വീണ്ടും.
'മറക്കരുതേ' നിന്റെ മണിയടി
ഉയർത്തുപാട്ടായി.

*Er.P.Ramachandran, AE (Retd),Kannur*

# കേരള സർക്കാരും വൈദ്യുതി ബോർഡും എങ്ങോട്ട്?

Er.P.Madhavan, AEE (Retd),
Kannur Unit

"പതിനൊന്നാം പഞ്ചവത്സര പദ്ധതി ക്കാലത്ത് കേരളം വൈദ്യുതി ഉല്പാദനരംഗത്ത് സ്ഥാപിതശേഷിയിൽ 500 മെഗാ വാട്ട് വർദ്ധനവ് ഉണ്ടാക്കും. ഇതിനായി ഒരു ചീഫ് എഞ്ചിനി യറുടെ തസ്തിക ഉണ്ടാക്കും, കുററിയാടി ശേഷി വർദ്ധന (100 മെഗാവാട്ട്), ആതിരപ്പള്ളി (100 മെഗാവാട്ട്), പാത്രക്കടവ് മുതലായ പദ്ധതി കളായിരിക്കും ഈ കാലയളവിൽ നിലവിൽ വരുക. ഒറീസ്സയിൽ നിന്ന് ലഭ്യമാകുന്ന കൽക്കരി ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ 'ചീമേനി'യിൽ 2400 ഗൊവാട്ട് ശേഷിയുള്ള താപ നിലയം തുടങ്ങാൻ പ്രാരംഭ നടപടികൾ ആരംഭിച്ചു. ഇതിനായി ഇവിടെയുള്ള തുറന്ന ജയിൽ മറ്റൊരു സ്ഥലത്തേക്കു മാററും. നിലവിലുള്ള കശുമാവിൻ തോട്ടങ്ങൾ കൽക്കരി ശേഖരണ കേന്ദ്രങ്ങളാക്കും. വിവാദ 'പൂയ്യംകുട്ടി' പദ്ധതിയുടെ ശേഷി 287 മെഗാവാട്ടായി കുറച്ച് കേന്ദ്രത്തിന്റെ അനുമതിക്കായി വീണ്ടും സമർപ്പിക്കും" ഇവയെല്ലാം ഇടതു സർക്കാരിന്റെ ഉദ്ദേശങ്ങളും പ്രവർത്തനങ്ങളും വാഗ്ദാനങ്ങളും ആണ്.

''പ്രകൃതിവാതകം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങളായിരിക്കും കേരളത്തിന് അനുയോജ്യവും ഗുണകരവും; പത്യേകിച്ച് കൊച്ചിയിലെ വാതക ടെർമിനൽ 2011ൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുമ്പോൾ'' സാങ്കേതിക വിദഗ്ദനും മുഖ്യമന്ത്രിയുടെ പ്രത്യേക സെക്രട്ടറിയുമായ "Dr. M.S.P. Nair" ഹിന്ദു ബിസിനസ്സ് ലൈനിന്നു ഈയിടെ നൽകിയ അഭിമുഖത്തിൽ നിന്ന്. അഭിമുഖം ഇങ്ങിനെ തുടരുന്നു.'' ''ഒറീസ്സയിൽ നിന്ന് കൽക്കരി കൊണ്ടുവന്ന് നിർദ്ദിഷ്ട ചീമേനി താപ നിലയം പ്രവർത്തിപ്പിക്കാൻ സാങ്കേതികമായും മറ്റും പല കടമ്പകളും തരണം ചെയ്യേണ്ടി വരും. നിലയം പ്രവർത്തിപ്പിക്കാൻ വേണ്ടി വരുന്ന ലക്ഷക്കണ ക്കിന് 'ടൺ' വരുന്ന കൽക്കരി കൊണ്ടു വരാൻ 'റയിൽ' തുറമുഖ സൗകര്യങ്ങൾ പ്രത്യേകം ഒരുക്കേണ്ടി വരും. പരിസ്ഥിതി പ്രശ്നം ഗുരുതരമായിരിക്കും. നിലയത്തിൽ നിന്ന് പുറത്തു വിടുന്ന ലക്ഷക്കണക്കിന് ടൺ ചാരം നീക്കുന്നതും പ്രശ്നമാകും. ഈ നിലയത്തിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് എത്തിക്കുവാൻ പ്രസര ണികൾ നിർമ്മിക്കുന്നതിന് പല തടസ്സങ്ങളും അനുഭവപ്പെടും; പ്രത്യേകിച്ച് കുടിയൊഴിപ്പിക്കലും വസ്തുവഹകൾ നശിപ്പിക്കലും ആവശ്യമായി വരുമ്പോൾ. സ്ഥലവാസികളും വസ്തുവഹ കളുടെ അവകാശികളും ശക്തമായി പ്രതികരി ക്കും. (കൂടംകുളത്തു നിന്നും മൈസൂറിൽ നിന്നും കേരളത്തിലേക്ക് നിർമ്മാണത്തിലിരിക്കുന്ന 400 കെ.വി.ലൈനുകളെപ്പറ്റി ഓർത്തു പോകുന്നു.). കൂടാതെ ഇത്തരമൊരു മെഗാ പദ്ധതി (2400 മെഗാ വാട്ട് പിന്നീട് 4000 മെഗാവാട്ടായി ഉയർത്തും എന്ന് പറഞ്ഞിരിക്കുന്നു.) നടപ്പാക്കാൻ ഭീമമായ തുക സ്വരൂപിക്കേണ്ടി വരും. 1000 മെഗാവാട്ട് നിലയം നിർമ്മാണത്തിന് 12,000 കോടി രൂപയും 1000 ഏക്കർ ഭൂമിയും വേണമെന്നാണ് കണക്കുകൾ കാണിക്കുന്നത്. നേരെ മറിച്ച് പ്രകൃതി വാതകം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളി ൽ 50 മുതൽ 150 മെഗാവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾ തുടങ്ങിയാൽ ചിലവ് കുറയും, പരിസ്ഥിതി, ഭൂമിയെടുപ്പ് പ്രശ്നങ്ങൾ ലഘൂകരി ക്കും.നിലയങ്ങൾ ഉപഭോക്താക്കളുടെ പടിവാതി ക്കൽ ആയാൽ പ്രസരണപ്രശ്നങ്ങളും സരള മാകും. അഭിമുഖം മററു വിഷയങ്ങളിൽ തുടരുന്നു

'ഇടതുമുന്നണിയുടെ കഴിഞ്ഞ മൂന്നുവർഷ ത്തെ ഭരണ കാലത്ത് 14.5 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകി(ഉദ്ദേശം 500 മെഗാവാട്ടിന്റെ ലോഡ് വർദ്ധന).കാറ്റിൽ നിന്നുള്ള 33 മെഗാവാട്ട് അടക്കം 80 മെഗാവാട്ട് ഉദ്പാദനഷേി വർദ്ധന കൈവരിക്കുകയും ചെയ്തു.' ബോർഡിന്റേയും

സർക്കാരിന്റേയും പത്രപ്രസ്താവനകളും പരസ്യങ്ങളും (സി.എഫ്.എൽ.മേള).

മേൽവിവരിച്ച കാര്യങ്ങളെല്ലാം കൂട്ടി വായിച്ചാൽ ഉയർന്നു വരുന്ന പല ചോദ്യങ്ങൾക്കും ഉത്തരം കിട്ടാതെ വരുന്നു. സർക്കാരിന്റെ ഊർജ്ജവകുപ്പിനും ബോർഡിന്റെ പ്ലാനിങ്ങ് വിഭാഗത്തിനും സാങ്കേതിക വിദഗ്ദരില്ലന്നോ? ആതിരപ്പള്ളി,പാത്രക്കടവ്, ഇപ്പോഴിതാ പൂയ്യംകുട്ടി പുതിയ രൂപത്തിൽ! എല്ലാം അടുത്തെങ്ങും നടക്കാനിടയില്ലാത്ത പദ്ധതികൾ. ഇവിടെയാണ് ഡോക്ടർ നായരുടെ വിലയിരുത്തലുകൾ ശ്രദ്ധേയമാകുന്നത്. സ്വതന്ത്രമായ കാഴ്ചപ്പാടുള്ള സാങ്കേതിക വിദഗ്ദർ ഇത് അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നു. കൊച്ചി വാതക ടെർമലിന്റെ നിർമ്മാണം 'പെട്രോനെറ്റ്'തുടങ്ങുകയും കൊച്ചി -മംഗളൂര് -ബംഗളൂര് വാതക കുഴലുകൾ 'ഗയിലിന്റെ' നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്നതും ആയ സാഹചര്യത്തിൽ ഒരു പറ്റം വാതക നിലയങ്ങളിലേക്ക് അടിയന്തിരമായും ശ്രദ്ധ തിരിക്കുന്നതല്ലെ നല്ലത്?

ഒരുപക്ഷെ പദ്ധതികൾ തീരുമാനിക്കുന്നതും പാർട്ടികേന്ദ്രത്തിൽ നിന്നായിരിക്കും! പദ്ധതികൾ വേണ്ട രൂപത്തിൽ ഉണ്ടാക്കാൻ ശിങ്കിടികളായ സാങ്കേതികവിദഗ്ദരും അവരുടെ ടാസ്ക് ഫോർസും എന്നും കാണുമല്ലോ! പാർട്ടി ഉൾപ്പോരു കാരണം മുഖ്യനും ഉപദേശകനും അവിടെ സ്ഥാനമില്ല താനും. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, പാൽ, പഞ്ചസാര തുടങ്ങി എല്ലാ ഉപഭോക്തവസ്തുക്കൾക്കും മറ്റുള്ള സംസ്ഥാനങ്ങളേയും കേന്ദ്രത്തിനേയും ആശ്രയിക്കേണ്ടിവരുന്ന നമ്മൾക്ക് വൈദ്യുതിയുടെ കാര്യത്തിലും ആ നില വരുമോ?

***<u>അടിക്കുറിപ്പ്:</u>***

(1) ഇക്കുറിയും മഴ ചതിക്കുമോ? (കാലാവസ്ഥാ നിരീക്ഷണം)

(2) ഊർജ്ജകമ്മി ഈ വരുന്ന വേനലിലും നില നിൽക്കും(20%)

(സി.ഇ.എ.റിപ്പോർട്ട്)

# ആസന്ന മരണ ചിന്തകൾ

***Er.K.P.Gopalakrishnan Dy CE (Retd)***

തൊട്ടടുത്തായിരിയക്കെന്റെയോമനേ
മുട്ടിയുരുമ്മിയിരിയ്ക്കുവതെത്ര നാൾ?!
വിടപറഞ്ഞീടുവാൻ സമയമായി
ചിരിതൂകി ബാക്കിനാൾ പങ്കിടാം നാം
എവിടെയോ വച്ചുനാം കണ്ടു മുട്ടി
'വധു' വായിത്തീർന്നൊരാ നാൾ മുതൽ നീയെന്നെ
പരിചരിച്ചീടുന്നു, ഭാഗ്യവാൻ ഞാൻ.
ഇരുപതും, പിന്നൊരു പത്തും വസന്തങ്ങൾ
ഇണപിരിയാതെ നാം പങ്കു വച്ചു
അരുമയാം മക്കളെ തന്നു നീയെൻ
ഇഹലോക ജീവിതം ധന്യമാക്കി.
ഒരു വൈദ്യശാസ്ത്രവും മതിയാകയില്ലയെൻ
കരളിൽ വളർന്നൊരീ ഭീകര സത്വത്തിൻ
തടവിൽ നിന്നെന്നെവിമുക്തനായ്ത്തീർക്കുവാ
നൊടുവിലീ യർബ്ബുദ കൈകളിൽ ഞാൻ.
പിരിയുവാനൊട്ടും മനസ്സില്ലയെങ്കിലും
നിയതി തൻ നിയമങ്ങൾ മാററി മറിയ്ക്കുവാൻ
കഴിവുള്ളോരല്ല നാം; വിധിയിത്രമേൽ
കഠിനമായ്ത്തീരുമെന്നാരറിഞ്ഞു?!
അതുകൊണ്ടീയെണ്ണിയാൽത്തീരുന്ന നാളുകൾ
അതി മോഹങ്ങളായ് ത്തീർക്കാം നമുക്കിനി.
ഒരു തുള്ളി ദുഃഖവും ശേഷിച്ച നാളുക -
ളുപഹരിയ്ക്കേണ്ടിനി പിരിയുവോളം
ഒരു ദുഃഖമേയുള്ളൂ, പരലോകമെത്തുമ്പോൾ
പ്രിയ മക്കൾ ചൊരിയുന്നൊരതിരററ സ്നേഹവും
പകലന്തിയോളവും പണി കഴിഞ്ഞവശ്ശനായ്
പടിവാതിലെത്തി ഞാൻ ബല്ലടിച്ചീടവേ
ഝടിതിയിൽ വാതിൽ ത്തുറന്നു ചിരിച്ചു നീ
അരുളുന്നൊരാശ്വാസ വാക്കുകളത്രയും
വെറുമോർമ്മകൾ മാത്രമെന്ന ദുഃഖം.
അതു സാരമാക്കേണ്ടടുത്ത ജന്മത്തിൽ നാം
ഒരുമിച്ചീ ഭൂമിയിൽ വീണ്ടും പിറക്കുവാൻ
ഇതിലും മനോഹര ജന്മം ലഭിച്ചിടാൻ
കരുണാമയനോടു പ്രാർത്ഥിച്ചിടാമിപ്പോ-
ളിവിടുത്തെ ദുഃഖങ്ങളെല്ലാം മറന്നെന്റെ
യരികിൽ മാറോടൊന്നു ചേർന്നിരിയ്ക്കൂ
ഹൃദയങ്ങളൊന്നായി ചേർത്തു വയ്ക്കാം
ചിരി തൂകി ബാക്കിനാൾ പങ്കിടാം നാം.


# Salute to Er. K.G. Seshan

Er. T.S. Padmanabhan

Er.K.G.Seshan passed away in Chennai on 6.7.2009. He is survived by three daughters and a son. His wife died a few years ago. Er.Seshan joined the erstwhile Electricity Department of Travancore in the early 1940s. He had deputed to UK for Post Graduate studies in the University College, London. He was a very dynamic and energetic Engineer. He played a critical role in the early commissioning of Sabarigiri Hydro Electric Project (commissioned on 18.4.1966). During the tenure of Er.U.Chandu Nair as Chairman (1962-1967), Er. Seshan held the additional charge of TA to the Chairman while working as Executive Engineer in the Chief Engineer's office. As Deputy Chief Engineer at Head Quarters he managed the establishment in a splendid manner and earned the admiration of all. He also represented KSEB in various committees of CBIP, Power Ministry , and CWPC(Central Water and Power Commission).

Er.Seshan joined as the Managing Director of TELK Angamally in July1973 while working as Chief Engineer (Electricity) and continued the post for six years. Thereafter he shifted to Chennai where he worked as Executive Director of Hack bridge Heavittick and Easun for several years.

Er.Seshan was one of the founding fathers of the KSEB Engineers Association and was one of the moving spirits behind its formation. He was a member of the Drafting Committee for the Byelaw of the Association. After a year of its birth he became the General Secretary (succeeding Er.S.Peer mohammed, the first General Secretary)and continued as General Secretary for the next four consecutive terms.



When KSEB was formed, the pay scales of Engineers were the same as those in Government for similar categories. After persistent and strenuous efforts under his leadership, the Board sanctioned slightly higher pay scales for the Engineers in the Board. Also Technical Allowance for Engineers working in the office was allowed. His tenure as General Secretary in the early years was marked by ceaseless action for the cause of Engineers.

In those days Chairman of the Board or Chief Engineer used to be made as the President of the Association and the position was considered as a great honour. A break in tradition was made in 1962 when Er.Seshan was elected President of the Association (then he was an Executive Engineer). He was Secretary of the Institution of Engineers, Trivandrum during 1964-65.

In displaying professionalism and in upholding professional dignity and pride he was in the forefront. He was an eminent power Engineer who contributed much to the power sector development of Kerala. Er.Seshan was a great Engineer, a superb organizer, a sagacious professional leader, an excellent go-getter and a fine person.

**Let us salute Er. K.G. Seshan**

# KERALA STATE ELECTRICITY BOARD

**ABSTRACT**

Dearness Allowance/Dearness Relief to Board employees/pensioners:- Revision with effect from 01.01.2009- Sanctioned-Orders issued.

**PERSONNEL DEPARTMENT**

B.O.(FB)No.1766/2009 (PS1/2398/2009) Dated Thiruvananthapuram 07.07.2009

Read: - 1. G.O.(P).No.211/2009/Fin dated 02.06.2009
2. Proceedings of the Board Meeting dated 30.06.2009 (Agenda Item No126/2009).

**O R D E R**

In the Government Order read above, Government had revised the rates of Dearness Allowance admissible to its employees with effect from 01.01.2009. The Dearness Relief to the pensioners was also revised as per the above Government Order. The Board has considered the aspects and is pleased to order that the rates of Dearness Allowance to the employees and Dearness Relief to service pensioners/family pensioners will be revised with effect from 01.01.2009 in line with the revision of rates of Dearness Allowance/Dearness Relief ordered vide Government order read above.

**1.DEARNESS ALLOWANCE TO EMPLOYEES**

1. The revised rates of Dearness Allowance payable to the employees of the Board with effect from 01.07.2008 will be as follows:-

| Date from which payable | Percentage increase of DA per month | Revised DA |
|---|---|---|
| 01.01.2009 | 10% | 55% of revised pay |

2. The revised rates of Dearness Allowance will be payable to the Part time contingent employees also on the basis of the pay drawn by them.

3. For those who are continuing in the 1998 pay scales even after 01.01.2009, DA will be sanctioned as follows

| Date of effect | Percentage increase of DA | Revised DA |
|---|---|---|
| 01.01.2009 | 10% | 114% |

**4. The accounting and drawal of arrears of DA will be regulated as follows:-**

a) The revised rates of DA due from 01.01.2009 (additional 10% ) will be paid in cash with the salary due for the month of July 2009 onwards.

. b) The arrear for the period from 01.01.2009to 30.06.2009 will be drawn and credited to the PF account of the employees along with the salary bill for the month of July 2009 to January 2010

c) The permission to draw arrears along with the salary bill is given in relaxation of Rule 176 of Kerala Treasury Code.

d) The procedure as stated in para 4(a) and (b) will also be applicable to the employees continuing in the pay in the pre-revised scale.

e) Where the employee is not eligible to subscribe to any PF account before 30.06.2009, the drawl of arrears of DA shall be deferred and as and when the PF account is opened, it shall be drawn and deposited in it.

f) For claiming the salary for the month of February 2010, a certificate shall be attached to the salary bill to the effect that ' the arrears as per DA revision from 01.01.2009to 30.06.2009 have been claimed and credited to the PF Account of the employee'.

g) The procedure as stated in 4(f) will also be applicable to the employees continuing in the pre revised scale of pay.

h) Interest on the DA credited to the PF Account of the employee will accrue from the 1st of the month in which the bills are presented to the appropriate authorities.

i) No withdrawal, other than final withdrawal, shall be made before the date specified below, from the arrears of DA credited to the PF account

| Period of arrears of Dearness Allowance | Date on which the amount will be permitted to be withdrawn |
|---|---|
| 01.01.2009 to 30.06.2009 | 30.04..2012 or retirement, whichever is earlier |

j) The condition mentioned under clause 4(j) above will be applicable 'mutatis mutandis' to provident fund other than GPF also.

k) The following categories of employees will be paid arrears of DA in cash

i. Those, in whose cases, it is not obligatory to maintain PF Account

ii. Those who have Those who have opted not to subscribe to the PF account during the last one year of their service prior to retirement

B.**<u>DEARNESS RELIEF TO SERVICE PENSIONERS AND FAMILY PENSIONERS</u>**

1. The Dearness Relief to service pensioners/family pensioners with effect from 01.01.2009 will be revised as follows

| Date of effect | Percentage increase of Dearness relief | Revised Dearness Relief |
|---|---|---|
| 01.01.2009 | 10% of pension/family pension | 55% of pension/ family pension |

2. In respect of the pensioners/Family Pensioners whose pension has not undergone revision as per Board Order dated 11.11.2008 and are drawing pension/ family pension as per pension revision order dated 23.02.2001, Dearness relief will be as follows

| Date of effect | Percentage increase of Dearness relief | Revised Dearness Relief |
|---|---|---|
| 01.01.2009 | 10% of pension/family pension | 114%of pre-revised pension/family pension |

1. The Pensioners/Family Pensioners in whose case the pension has not undergone revision as per Board Order dated 23.2.2001 and whoare at present drawing Dearness Relief beyond 608 points will be sanctioned Dearness Relief as shown below.

2. The revised Dearness relief due on 01.07.2008 along with the arrears will be paid in cash along with the pension of April 2009 (due on 1st April 2009)

3. Payment of Dearness Relief involving fraction of a Rupee shall be rounded off to the next higher rupee.

**By Order of the Board**

Sd/-

**G.Sukumaran Secretary**

## HYDEL

Hydel – March 2009 has been released and copies of the same have already been sent to all units by courier service. We would like to express our gratitude to Er. Yoosaf K.S. Rawther, who has managed to collect many articles for this issue of HYDEL.

Next issue of HYDEL is scheduled to release on 15th Sept. 2009. I humbly request all members of KSEBEA to extend their support and cooperation to release HYDEL-Sept.2009.

Chief Editor

Hydel, KSEBEA



*Pencildrawing by Master Arun Gopi S/o. of Er. P.K.Gopi*

JULY 2009 Registration No. KL/TV(N)/229/2009-11 PRICE Rs. 5/-
Licensed to Post without Prepayment - No.KL/TV(N)/WPP/65/2009-11

KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION
ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001
PHONE. 0471-2330696, FAX : 0471-2330853

# OBITUARY



**Er.N.Bhagvathheswaran**, Chief Engineer (retd) passed away on 21.7.2009 night at Ananthapuri Hospital, Thiruvananthpauram. He was 64 years. He was an eminent Engineer. He has worked as Chief Editor of Hydel for more years. He was an active member of our association and participated all its activities. He survived by his wife and two daughters.

Association expresses its deep condolence to his bereaved family



**Er.K.O.Antony**, Executive Engineer, Regional Stores Division, Kallai passed away on 4.7.2009 due to liver cirrhosis. He was 47 years. He was an active member of our association and participated in all activities. He survived by his wife and two children.

Association expresses its deep condolence to his bereaved family.



Edited, Printed & Published by Er. E. Mohammed Shereef, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association at Bhagath, Marappalam, Pattom,Thiruvananthapuram - 4 Ph: 2540035
website : http/www.ksebea.org

For private circulation only